# ബൈബിളിലെ മുഹമ്മദ് നബി

മുഹമ്മദ് നിലമ്പൂർ

**ബൈബിൾ** എന്ന പദം കേൾക്കേ തൗറാത്ത് അല്ലെങ്കിൽ ഇഞ്ചീൽ എന്ന ബോധമാണ് മുസ്‌ലിം വായനക്കാരുടെ മനസ്സിൽ പെട്ടെന്നുദിക്കുക. ബൈബിൾ സംബന്ധമായി ഈ അടുത്തകാലത്തിറങ്ങിയിട്ടുള്ള കൃതികൾ വായിച്ചാലും മറിച്ചൊരു ധാരണക്ക് വക കാണില്ല. അതിനാൽ ബൈബിളിലെ പ്രവചനങ്ങളെ സംബന്ധിച്ച് പഠിക്കാനൊരുങ്ങുമ്പോൾ മനസ്സിൽ സൂക്ഷിക്കേണ്ട ഒരു കാര്യം തുടക്കത്തിലേ കുറിക്കട്ടെ.

നിലവിലുള്ള ബൈബിൾ ദൈവത്തിന്റെ വചനങ്ങളാണെന്ന് എന്റെ ക്രൈസ്തവ വായനക്കാർ പോലും പറയുമെന്ന് തോന്നുന്നില്ല. ദൈവം നേരിട്ട് സംസാരിക്കുന്ന രീതിയും ശൈലിയുമാണ് ഖുർആനിൽ ഉടനീളം കാണുക. ബൈബിൾ അത്തരമൊരു ശൈലി അവലംബിക്കുന്നില്ല. തൗറാത്തും ഇഞ്ചീലും ബൈബിൾ രചിക്കപ്പെടുന്ന കാലത്ത് നിലവിലില്ലാതിരുന്നതുകൊണ്ട് അതിന്റെ ശൈലിയെക്കുറിച്ചുള്ള വാദഗതികളേതും അസന്ദിഗ്ധമെന്നു പറയാനും തരമില്ല. നമ്മുടെ മുമ്പിലുള്ള ബൈബിളിലെ പ്രസ്താവങ്ങളെ അപ്പാടെ ദൈവികവചനങ്ങളായി വികസിപ്പിക്കുന്നത് ബാലിശമാവും. അപ്പോൾ, മുഹമ്മദ് നബിയെക്കുറിച്ച് നമുക്ക് പ്രവചനങ്ങൾ തരുന്ന ഘടകങ്ങൾ പിന്നെ എന്താണ്? ഒന്നോർക്കാനുണ്ട്: ബൈബിളിൽ തൗറാത്തിലെയും ഇഞ്ചീലിലെയും സൂക്തങ്ങൾ നിരപ്പെ കാണാനാവുമെന്ന വാദം ശരിയാണ്. ഇവയിലൂടെയാണ് നാം ബൈബിളിലെ മുഹമ്മദ് നബിയെ അറിയുന്നതും അവതരിപ്പിക്കുന്നതും. അതുപോലെ ബൈബിൾ കർത്താക്കളുടെ ഓർമയിൽ തങ്ങിനിന്ന യേശുവിന്റേതായ വചനങ്ങളും പ്രവചനത്തിന്റെ അർഥസൂചനകൾ ഉൾക്കൊള്ളുന്നുണ്ട്. ഇക്കാര്യത്തിൽ വേണ്ടത്ര വെളിച്ചം വീഴ്ത്താൻ പോരുന്ന ചില കൃതികൾ റോമൻ കത്തോലിക്കാ ആർച്ച്ബിഷപ്പായിരുന്ന റവ. ഡേവിഡ് ബഞ്ചമിൻ ബി.ഡി (ഇദ്ദേഹം ഇസ്‌ലാം മതം സ്വീകരിക്കുകയും അബ്ദുൽ അഹദ് ദാവൂദ് എന്ന നാമം സ്വീകരിക്കുകയും ചെയ്തു)യെപ്പോലുള്ളവർ എഴുതുകയുണ്ടായി. അവയിൽനിന്നും ചില ആശയങ്ങൾ സംക്ഷേപിച്ചു പറയുകയാണിവിടെ. പ്രകൃതത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് ഒരു വാക്കുകൂടി. സ്വത്വഗുണ ചിന്തയോടെ വേദക്കാരുമായി ചർച്ചകൾ നടത്താൻ ഖുർആൻ അനുമതി നൽകി (സൂറ *അന്നഹ്ൽ* 125). സ്വത്വഗുണവിചാരവും സത്യാന്വേഷണ വാഞ്ഛയും മാത്രമാണ് ഈ ലേഖകനു പ്രേരകം.

### പഴയ നിയമത്തിൽ

സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇനി കുറഞ്ഞൊന്നു കഴിഞ്ഞിട്ടു ഞാൻ ആകാശത്തെയും ഭൂമിയെയും കടലിനെയും കരയെയും ഇളക്കും, ഞാൻ സകലജാതികളെയും ഇളക്കും; സകല ജാതികളുടെയും മനോഹര വസ്തുവരികയും ചെയ്യും; ഞാൻ ഈ ആലയത്തെ മഹത്വപൂർണമാക്കും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.... ഈ സ്ഥലത്തു ഞാൻ സമാധാനം നൽകും എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട് (ഹഗ്ഗായി 2:7–9).

മനോഹര വസ്തു എന്നതിനു തുല്യമായി ബൈബിളിലുള്ളത് 'ഹിംദ' എന്ന പദമാണ്. 'വ യാഹിംദ കോൾ ഹാഗ്ഗോയിം' എന്ന് ദാവൂദ് ഉദ്ധരിക്കുന്നു (Prof. Abdul Ahad Dawud, 'Mohammed in The Bible' p 40) 'ഹമദ്' എന്ന മൂലപദത്തിൽനിന്നാണ് 'ഹിംദ' ഉണ്ടായത്. മോഹം, വിശപ്പ്, സ്തുതി, കാമം എന്നൊക്ക പറഞ്ഞാൽ 'ഹമദി'ന്നൊരു തർജമയായി. 'ലേ തഹ് മദ് ഇഷ് റെയ്ഖാ' എന്നു ഒമ്പതാം കൽപന പറയുന്നു. 'നിന്റെ അയൽവാസിയുടെ ഭാര്യയെ നീ മോഹിക്കരുത്' എന്നർഥം. 'Desir' എന്നു ഇംഗ്ലീഷ് ബൈബിളിൽ. മലയാളം ബൈബിളിലെ 'മനോഹരവസ്തു' മൂലപദത്തോടു നീതി കാണിക്കുന്നില്ല. അറബിയിൽ 'ഹമദ'ക്ക് 'വാഴ്ത്തി' എന്നാണർഥം. ആഗ്രഹിക്കപ്പെടുന്നതാണല്ലോ വാഴ്ത്തപ്പെടുക. ഒരു കാര്യം ആക്ഷേപം കൂടാതെ പറയാം: ഹീബ്രുവിലെ 'ഹിംദ'യുടെ അറബിഭേദം തന്നെ 'അഹ്മദ്'. അഹ്മദ്എന്ന പേരിൽ ഒരു പ്രവാചകന്റെ ആഗമം യേശു പ്രവചിച്ചതായി ഖുർആൻ പ്രസ്താവിക്കുന്നു.

മേൽ ചൊന്ന വാക്യത്തിലെ 'ഞാൻ സമാധാനം നൽകും' എന്ന ഭാഗം കൂടി പരിശോധിച്ചാൽ പ്രസ്തുത പ്രവചനത്തിന്റെ യഥാർഥമായ ലക്ഷണ നിർണയം സാധ്യമാവും. 'സമാധാനം' എന്നു പറഞ്ഞിടത്ത് ഹീബ്രു ബൈബിൾ 'ശാലോം' എന്നു പ്രയോഗിക്കുന്നു. ശാലോമും ഇസ്‌ലാമും ഒരേ മൂലത്തിൽനിന്നാണുണ്ടായതെന്ന കാര്യത്തിൽ സെമിറ്റിക് ഗവേഷകർക്കിടയിൽ തർക്കമില്ല. രണ്ടിന്റെയും അർഥവും സമാധാനമാണ്: സമാധാനം, അനുസരണം എന്നൊക്കെ.

'ഹിംദ'യും 'അഹ്മദും' തമ്മിലുള്ള ഏകരൂപ്യത 'സകലജാതികളുടെയും 'ഹിംദ' വരികയും ചെയ്യും' എന്ന പ്രവചനത്തിന്റെ ഉള്ളടക്കം മുഹമ്മദ് നബിയെ സംബന്ധിക്കുന്നതാണെന്ന പ്രമിതിക്ക് തീർച്ചപ്പെട്ട തെളിവാണ്. യേശുക്രിസ്തു, രക്ഷകൻ എന്നീ പേരുകളുമായി അതിനു ബന്ധമേതുമില്ലല്ലോ. 'ഹിംദ'യുടെ അർഥവുമായും ഒത്തുപോകുന്നത് മുഹമ്മദ് നബിയാണ്. ലോകത്താദ്യമായി ആ പേരിലറിയപ്പെടുന്നത് മുഹമ്മദ് നബിയാണ്.

## അവകാശമുള്ളവൻ

മറ്റൊരു പ്രവചനം ബൈബിൾ താഴെ കാണുംവണ്ണം വ്യക്തമാക്കുന്നു:

"അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യഹൂദയിൽനിന്നും രാജദണ്ഡ് അവന്റെ കാലുകളുടെ ഇടയിൽനിന്നും നീങ്ങിപ്പോകയില്ല. ജാതികളുടെ അനുസരണം അവനോടു ആകും" (ഉൽപത്തി 49:10).

ചെങ്കോലിന്റെയും രാജദണ്ഡിന്റെയും അവകാശമുള്ളവൻ ആരാണ് എന്നു പരിശോധിക്കുക. മോശയല്ലെന്നു പറയാനില്ല. യിസ്രായേൽ വംശക്കാരുടെ പ്രഥമ സംഘാടകനായിരുന്നുവല്ലോ, മോശെ. ദാവീദുമല്ല. യഹൂദയിൽവന്ന പ്രഥമ പ്രവാചകനും രാജാവുമായിരുന്നു ദാവീദ്. യേശുവാണെന്ന വിചാരത്തിലും പന്തികേടുണ്ട്. യിസ്രായേല്യർ പ്രതീക്ഷിക്കുന്ന മിശിഹാ, ദാവീദിന്റെ സന്തതിയായിരിക്കുമെന്ന ആശയത്തെ യേശു നിരാകരിച്ചിട്ടുണ്ട് (മത്തായി 22:45, മാർക്കോസ് 12:35, ലൂക്കോസ് 20:41). തന്നെയല്ല, മോശെയുടെ നിയമത്തെ യേശു അസാധുവാക്കിയില്ല. അതിന്റെ നിവൃത്തിക്കാണ് താൻ വന്നതെന്നു പ്രഖ്യാപിക്കുന്നുമുണ്ട് അദ്ദേഹം. യേശുവിന് ശേഷമുള്ള ഒട്ടനേകം പ്രവാചകന്മാരെപ്പറ്റി വിശുദ്ധ പൗലോസ് പ്രതിപാദിച്ചിട്ടുള്ളത് ഓർമിക്കുക. ചെങ്കോലിന്റെയും രാജാധികാരത്തിന്റെയും പരിമാണങ്ങളില്ലാത്ത മുഖമായിരുന്നു യേശുവിന്റേത്. മുഹമ്മദ് നബി, പക്ഷേ അങ്ങനെയല്ല. അദ്ദേഹത്തിന്റെ പ്രബോധന ജീവിതത്തിൽ സൈനികശക്തിയുടെ പിൻബലവും സ്വാധീനവും നിഷേധിക്കാനാവില്ല. പഴയ യഹൂദ നിയമത്തെ അസാധുവായി പ്രഖ്യാപിച്ചു ഖുർആൻ.

ഹിബ്രു ബൈബിളിൽ 'അവകാശമുള്ളവൻ' എന്നിടത്ത് 'ശിലോഹ്' എന്ന പദമാണ് കാണുക. ബൈബിളിൽ മറ്റൊരിടത്തും ഈ പദം പുനരുദ്ധരിക്കപ്പെട്ടിട്ടില്ല. 'ശിലോഹ്' എന്നാൽ 'വിശ്വസ്തൻ.' അറബിയിലെ 'അൽഅമീൻ.' മുഹമ്മദ് നബിയുടെ അപരാഭിധാനമാണതെന്ന വസ്തുത സുവിദിതമാണല്ലോ. മറ്റൊന്നുണ്ട്: 'ശിലോഹ്' എന്നാൽ വാസ്തവത്തിൽ, 'ശാലോഹ്' എന്ന പദത്തിനു പകരമായ ഒരു പ്രക്ഷിപ്തമാവാമെന്ന വാദഗതി അപ്പടി തള്ളിക്കളയാവുന്നതല്ല. 'ശാലോഹ്' എന്നാൽ 'ദൂതൻ' എന്നാണർഥം. അറബിയിലെ 'റസൂൽ', 'ശാലോഹ് എലോഹിം' എന്നാൽ 'റസൂലുല്ലാഹ്.'

## മനുഷ്യ പുത്രൻ

ദാനിയേൽ പ്രവാചകനു കിടക്കയിൽ വെച്ചുണ്ടായ ദർശനങ്ങൾ നാം ബൈബിളിൽ കണ്ടെത്തുന്നു.

'ആകാശത്തിലെ നാലു കാറ്റും മഹാസമുദ്രത്തിന്റെ നേരെ അടിക്കുന്നത് ഞാൻ കണ്ടു. അപ്പോൾ തമ്മിൽ ഭേദിച്ചിരിക്കുന്ന നാലു മഹാമൃഗങ്ങൾ സമുദ്രത്തിൽ നിന്നു കരേറിവന്നു... രാത്രി ദർശനങ്ങളിൽ മനുഷ്യ പുത്രനോടു സദൃശനായ ഒരുത്തൻ, ആകാശമേഘങ്ങളോടെ വരുന്നത് കണ്ടു...

സുദീർഘമാണീ ദർശനം.പൂർണ വായനക്ക് ദാനിയേൽ 7–ാം ഖണ്ഡം നോക്കുക. കിടക്കയിൽ വെച്ചുണ്ടായ ഈ ദർശനത്തിലൂടെ ദാനിയേൽ, പ്രവാചകത്വ ശൃംഖലയിലെ അവസാനത്തെ കണ്ണിയെപ്പറ്റി പ്രവചിക്കുകയായിരുന്നുവോ? ആണെന്ന കണ്ടെത്തലിനുള്ള സാധ്യത നാം എല്ലായിടത്തും കാണുന്നു. ഇവിടെ പ്രതിപാദ്യമായ നാലു മഹാമൃഗങ്ങൾ നാലു മഹാസാമ്രാജ്യങ്ങളുടെ പ്രതീകങ്ങളാണ്. സിംഹത്തോടു സദൃശവും കഴുകൻ ചിറകുള്ളതുമായ മൃഗം ഷൽദീയൻ സാമ്രാജ്യത്തെ (Chaldean empire) പ്രതിനിധീകരിക്കുന്നു. കരടിയോടു സദൃശമായ രണ്ടാമത്തെ മൃഗം പേർഷ്യൻ സാമ്രാജ്യത്തെയും മൂന്നാമത്തേത് അലക്സാണ്ടറെയും നാലാമത്തേതു റോമൻ സാമ്രാജ്യത്തെയും പ്രതിനിധാനം ചെയ്യുന്നു. നാലാമത്തെ മൃഗത്തെ പറ്റി ബൈബിൾ പറയുന്ന 'പത്ത് കൊമ്പുകൾ' (ദാനിയേൽ 7:8) ആദിമ കാല ക്രിസ്ത്യാനികളെ അത്യധികം പീഡിപ്പിച്ചിരുന്ന റോമൻ ചക്രവർത്തിമാരെ പ്രതീകവത്കരിച്ചതാണ്. പത്തു കൊമ്പുകളുടെ ഇടയിൽനിന്നും മുളച്ചുവന്ന മറ്റൊരു കൊമ്പിനെപ്പറ്റി ബൈബിൾ പറയുന്നു (ദാനിയേൽ 7:8). കോൺസ്റ്റന്റൈൻ ചക്രവർത്തിയെപ്പറ്റിയാണിതെന്നു ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഗിബ്ബന്റെ The Decline and Fall of the Roman Empire എന്ന കൃതി പരിശോധിക്കുന്നവർക്ക് മേൽപറഞ്ഞ അഭിപ്രായത്തിന്റെ ചരിത്ര പശ്ചാത്തലം മനസ്സിലാക്കാം. ഇവിടെ ഉന്നീതമാകുന്ന ഒരു ചോദ്യമുണ്ട്: 'സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിനു അവനു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു' (ദാനിയേൽ 7:14) എന്നു ബൈബിൾ പറയുന്ന 'മനുഷ്യ പുത്രൻ' ആരാണ്?

യേശുക്രിസ്തുവല്ല എന്ന സത്യം രണ്ടു കാരണങ്ങളാൽ വെളിവാകുന്നു. ഒന്നാമതായി ക്രിസ്തുവെ ത്രിയേകത്വത്തിലെ ഒരു കണ്ണിയായിട്ടാണ് ക്രൈസ്തവർ നിശ്ചയിച്ചുറപ്പിച്ചിരിക്കുന്നത്. ആ ധാരണയാണ് ക്രൈസ്തവ ധർമത്തിന്റെ ആണിക്കല്ല. ഇക്കാരണത്താൽ തന്നെ ക്രിസ്തു മനുഷ്യഗണത്തിലുൾപ്പെടുന്നില്ല. മനുഷ്യ പുത്രനുമല്ല. ഇനി മനു

ഷ്യൻ എന്ന തോതുപിടിച്ചു യേശുവിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി നോക്കിയാലോ? എന്നാലുമുണ്ട് വിഷമം. ആധിപത്യവും രാജത്വവും മനുഷ്യപുത്രന്റെ രണ്ട് മൗലിക ഗുണങ്ങളായി ബൈബിൾ എണ്ണിപ്പറഞ്ഞതാണ്. ഈവക കാര്യങ്ങളിൽ ക്രിസ്തു മുഹമ്മദ് നബിയിൽനിന്നും വളരെ പിൻനിരയിലാണ്.

നാലാം മൃഗത്തെ–റോമൻ സാമ്രാജ്യത്തെ– ഹനിക്കുകയാണ് മനുഷ്യപുത്രന്റെ മറ്റൊരു ദൗത്യമായി ബൈബിൾ നിർദേശിക്കുന്നത്. യേശു അത് ചെയ്തില്ല. മറിച്ച്, സീസർക്ക് കപ്പം നൽകുകയും പിലാത്തോസിന്റെ പ്രഹരമേൽക്കുകയുമാണദ്ദേഹം! ചരിത്രത്തിൽ മുഹമ്മദ് നബിയുടെ അനുയായികൾക്കാണ് അത് സാധിച്ചത്. ദാനിയേലിന്റെ കിടക്കയിൽവെച്ചുള്ള ദർശനവും മുഹമ്മദ് നബിയുടെ 'മിഅ്റാജ്' എന്ന ചരിത്ര സംഭവവും തമ്മിലുള്ള സദൃശത കൂടി അറിയുമ്പോഴാണ് പ്രസ്തുത പ്രവചനത്തിന്റെ സത്യമൂല്യം നമുക്ക് ശരിക്കും മനസ്സിലാവുക. ബൈബിളിലെ ഓരോ പ്രവചനത്തിനിടയിലും മുഹമ്മദ് നബിയെക്കുറിച്ച് നാമറിയേണ്ട ഇത്തരം രേഖകൾ ലീനമായിക്കിടപ്പുണ്ട്. അവയെ കൂടുതൽ കൂടുതലായി വായിച്ചറിയുന്തോറും മുഹമ്മദ് നബിയിലുള്ള വിശ്വാസത്തിന് ആക്കം കൂടും. യിസ്രായേല്യരെപ്പറ്റി കൂടുതൽ പഠിക്കാൻ മുഹമ്മദ് നബി ഉദ്ബോധിപ്പിച്ചത് അതുകൊണ്ടാണ് (ബുഖാരി).

### പുതിയ നിയമത്തിൽ

കുറേകൂടി പ്രവചനങ്ങൾ തേടിപ്പോകുന്നവർ പുതിയ നിയമത്തെ സമീപിക്കണം. പഴയ നിയമത്തിൽ പറഞ്ഞിരിക്കുന്ന ആശയങ്ങളുടെ ഒരു വിശദീകരണവും വിപുലീകരണവുമായി വേണം പുതിയ നിയമത്തെ കണക്കാക്കുക. മേൽ പറഞ്ഞ പ്രകാരം ദൈവികമല്ല രണ്ടിന്റെയും അങ്കുരം. എങ്കിലും ദൈവികമായ ചില വെളിപാടുകൾ, കൈകടത്തലുകൾക്ക് വിധേയമായി, അവയിൽ കാണാനാവുമെന്ന കാര്യം ശരിയാണ്. ഉദാഹരണത്തിന് ചിലത് പരാമർശിക്കുകയാണിവിടെ.

കർത്താവിന്റെ ദൂതൻ ഇടയന്മാർക്ക് പ്രത്യക്ഷപ്പെടുന്ന കഥ ലൂക്കോസിൽ കാണാം. ഒരു രക്ഷകനെപ്പറ്റി ദൂതൻ സുവിശേഷിക്കുന്നു. തൽസമയം സ്വർഗീയ സൈന്യത്തിന്റെ ഒരു സംഘം പാടുന്നു:

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്ക് സമാധാനം" (മത്തായി 5:9).

'Gloria inexclelsis Deo' എന്ന പേരിൽ വിശ്രുതമായ ഈ ദൈവഗീതത്തിൽ ഉണ്ടാവാനിരിക്കുന്ന ഒരു മഹാസംഭവത്തിലേക്കുള്ള അടിസ്ഥാനപരമായ സൂചനകൾ ഒളിച്ചിരിപ്പുണ്ട്. എന്നാൽ അവ്യക്തവും പരിവർത്തന വിധേയവുമാണ് ഈ ഗീതമെന്ന് വ്യക്തം. കാരണം ഹീബ്രു ഭാഷക്കാരായ ഇടയന്മാർക്ക് മനസ്സിലാവുന്ന ഭാഷയിലായിരിക്കുമല്ലോ അതിന്റെ മൂലം? അത് ലബ്ധമല്ല. മറിച്ച് ഗ്രീക്ക് ഭാഷയിലാണ് നാമത് കാണുക. അവർ ഇതെവിടെ നിന്നു പകർത്തി എന്നാർക്കുമറിയില്ല! 'സമാധാനം' എന്നതിനു ഗ്രീക്കു പരിഭാഷകളിൽ 'എയിരിനി' എന്നാണ് കാണുക. സെമിറ്റിക് ഭാഷകളിലെ 'ശാലോം', 'ശ്ലാമാ', 'ഇസ്ലാം' എന്നീ പദങ്ങൾക്ക് സമാനമാണത്. ഈ ഒരർഥത്തിൽ ഇസ്ലാമിന്റെ ആഗമനത്തെക്കുറിക്കുന്ന ഒരു പ്രവചനമായി ഈ ഗീതത്തെ കാണുന്നതായിരിക്കും ശരി. യേശു പറയുന്നുണ്ട്: "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും" (മത്തായി 5:9).

മേൽ പറഞ്ഞ ഭാഷാപഗ്രഥന പ്രകാരം 'മുസ്ലിംകൾ ഭാഗ്യവാന്മാർ...' എന്നു വേണം വായിക്കുക. ഇസ്ലാം എന്നതിനർഥം സമാധാനം എന്നത്രെ. യേശു പറയുന്നതോ ഇതാണ്: 'ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുത്; സമാധാനം അല്ല, വാൾ അത്രെ വരുത്തുവാൻ ഞാൻ വന്നത്' (മത്തായി 12:49). വീണ്ടും: 'ഭൂമിയിൽ സമാധാനം നൽകുവാൻ ഞാൻ വന്നിരിക്കുന്നു എന്നു തോന്നുന്നുവോ? അല്ലല്ല, ഛിദ്രം വരുത്തുവാൻ അത്രെ എന്നു ഞാൻ നിങ്ങളോടു പറയുന്നു' (മത്തായി 10:34–36).

ഒരു വിശകലനം ആവശ്യമില്ലാത്തവിധം വ്യക്തമാണല്ലോ കാര്യം.

ബൈബിളിൽ പല തർജമകളുടെയും സത്യസന്ധത ചോദ്യംചെയ്യപ്പെടേണ്ടതായുണ്ട്. മേൽ കൊടുത്ത ഗീതം തന്നെ ഇംഗ്ലീഷ് ബൈബിളിൽ ഇങ്ങനെയാണ് കാണുക:

"Glory be to God in the highest And on earth Peace And among men good will" (Luke 2:24).

അറബി തർജമ ഇംഗ്ലീഷിനോടാണ് സാധർമ്യം പുലർത്തുന്നത്.

ഇവിടെ Good Will, ▯ ദൈവപ്രസാദം എന്നൊക്കെ വ്യവഹരിക്കപ്പെട്ട പദം ഗ്രീക്കിലെ 'യൂഡോകിയ' ആണ്. സംപൂജ്യൻ, പ്രശസ്തൻ, പ്രശംസനീയൻ എന്നൊക്കെ ഈ പദത്തിന് അർഥം പറയാം. ഒന്നോർക്കാനുണ്ട്: പഴയനിയമത്തിൽ ധാരാളം കാണാവുന്ന മഹ്മ, മഹാമോദ്, ഹിംദ, ഹമദ് എന്നീ ഹീബ്രുപദങ്ങളുമായി സംബന്ധപ്പെടുന്നതാണ് ഗ്രീക്കിലെ 'യൂഡോകിയ'. ഈ പദങ്ങൾക്ക് മുഹമ്മദ് നബിയുമായുള്ള ബന്ധം അനുക്തസിദ്ധമാണ്.

### ആ പ്രവാചകൻ

"നീ ആർ എന്നു യോഹന്നാനോട് ചോദിക്കേണ്ടതിന് യഹൂദന്മാർ യെരൂശലേമിൽനിന്നു. പുരോഹിതന്മാരെയും ലേവ്യരെയും അവന്റെ അടുക്കൽ അയച്ചപ്പോൾ അവന്റെ സാക്ഷ്യം എന്തെന്നാൽ: അവൻ മറുക്കാതെ ഏറ്റു പറഞ്ഞു: ഞാൻ ക്രിസ്തു അല്ല എന്നു ഏറ്റു പറഞ്ഞു. പിന്നെ എന്ത്? നീ ഏലിയാവോ എന്നു അവനോട് ചോദിച്ചതിന്നു: അല്ല എന്നു പറഞ്ഞു. നീ ആ പ്രവാചകനോ? എന്നതിന്നു: അല്ല എന്നു അവൻ ഉത്തരം പറഞ്ഞു" (യോഹന്നാൻ 1:19–22).

"സ്ത്രീകളിൽനിന്നും ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല" എന്നു ക്രിസ്തു ഒരിടത്ത് പറയുന്നു, യോഹന്നാനെപ്പറ്റി (മത്തായി 11:11). ക്രിസ്തുവിനേക്കാളും വലിയവൻ എന്നാണോ നാം ധരിക്കേണ്ടത്? യോഹന്നാൻ പറയുന്നതാകട്ടെ: 'എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു' (മത്തായി 11:14, 17:12, ലൂക്കോസ് 1:17) എന്നാണ്. 'ഞാൻ ഏലിയാവല്ലെ'ന്നു യോഹന്നാൻ പറയുന്നു. 'ഏലിയാവു അവൻ തന്നെ' എന്ന് ക്രിസ്തു പറയുന്നു (മത്തായി 3:11). നാം ആരെ വിശ്വസിക്കണം? ബൈബിളിലെ വൈരുധ്യങ്ങളല്ല ഇവിടെ പ്രകരണം. സത്യവും അസത്യവും അതിന്റെ സങ്കീർണതയിൽ കൂടിക്കുഴഞ്ഞ് കിടക്കുകയാണ് ബൈബിളിൽ. അതിരിക്കട്ടെ, ആരാണ് ബൈബിൾ പറഞ്ഞ 'ആ പ്രവാചകൻ' എന്ന് നമുക്കൊന്നു ചികഞ്ഞുനോക്കാം.

അത് ക്രിസ്തുവാണോ? 'എന്റെ പിന്നാലെ വരുന്നവനോ' എന്ന യോഹന്നാന്റെ പ്രയോഗത്തിൽതന്നെ ഇതിനു നിഷേധാത്മക മറുപടിയുണ്ട്. ക്രിസ്തുവും യോഹന്നാനും സമകാലികരായിരുന്നു. യോഹന്നാൻ ക്രിസ്തുവെ 'മിശിഹ'യായി അംഗീകരിക്കുന്നു എന്നുള്ളത് നേരാണ്.

എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ ബലവാനാകുന്നു; അവന്റെ ചെരിപ്പ് ചുമപ്പാൻ ഞാൻ മതിയായവനല്ല എന്ന ദ്ദേഹം പറയുന്നത് മറ്റൊരാളെ പറ്റിയാണ്. ക്രിസ്തുവാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ട വ്യക്തിയെങ്കിൽ യോഹന്നാൻ, പിന്നീട്, ക്രിസ്തുവെ പിന്തുടരുകയും പ്രബോധന പ്രവർത്തനങ്ങളിൽ അദ്ദേഹത്തോട് സഹവർത്തിക്കുകയും ചെയ്യേണ്ടതായിരുന്നു. അങ്ങനെ സംഭവിക്കുന്നില്ല. യോഹന്നാൻ, ക്രിസ്തുവെ പരിഗണിക്കാതെ സ്വന്തമായി സ്നാനം ഏൽപിക്കുകയും പ്രബോധനം നടത്തുയും ശിഷ്യന്മാരെ സ്വീകരിക്കുകയും വരാനിരിക്കുന്ന തന്നേക്കാൾ ബലവാനായ മറ്റൊരാളെ പറ്റി പ്രവചനങ്ങൾ നടത്തുന്നതുമാണ് ബൈബിളിൽ നാം കാണുക. തന്നേക്കാൾ ബലവാനും 'പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപിക്കുവാൻ മതിയായവനും' ക്രിസ്തുവാണെങ്കിൽ 'തന്റെ ചെരിപ്പു ചുമപ്പാൻ പോലും മതിയായവനല്ലാത്ത ആ യോഹന്നാന്റെ മുമ്പിൽ ആ ക്രിസ്തു എന്തിനു സ്നാനമേൽക്കണം എന്ന ചോദ്യം പ്രസക്തമാണ്. ബൈബിൾ പറയുംപോലെ എന്തു സകല നീതിയാണ് (മത്തായി 3:5) ഇതുകൊണ്ട് നിവൃത്തിക്കാൻ പോകുന്നത്? മറ്റൊന്നുണ്ട്: യോഹന്നാൻ കാരാഗൃഹത്തിൽ വെച്ചു, ക്രിസ്തുവിന്റെ പ്രവൃത്തികളെക്കുറിച്ച് കേട്ടിട്ട് തന്റെ ശിഷ്യന്മാരെ അയച്ചു:വരുവാനുള്ളവൻ നീയോ ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കയോ എന്നു അവർ അവനോട് ചോദിക്കുന്നുണ്ട് (മത്തായി 11:2-3). കാരാഗൃഹത്തിൽ വെച്ചു ക്രിസ്തുവിന്റെ പ്രവൃത്തികളെക്കുറിച്ചു കേൾക്കുന്നതുവരെ യോഹന്നാൻ ക്രിസ്തുവിനെ അറിഞ്ഞിരുന്നില്ലെന്നാണ് ഇതിൽനിന്നും അനുമാനിക്കേണ്ടത്. മത്തായിയുടെ ഇയ്യൊരു പ്രസ്താവം യോഹന്നാൻ 1:15-ൽ കാണുന്ന സാക്ഷ്യത്തെ ബലഹീനമാക്കുന്നു എന്നത് മറ്റൊരു വൈരുധ്യമാണ്.

## ഏറ്റവും ചെറിയവൻ

ഇനിയും നോക്കുക: "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല. സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്നു ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു(മത്തായി 11:11). 'ആരാണീ ഏറ്റവും ചെറിയവൻ? യേശുവും സ്നാപക യോഹന്നാനുമൊക്കെ സ്വർഗ രാജ്യത്തിനു പുറത്താണെന്നു ആരെങ്കിലും ഇതുകൊണ്ട് ധരിച്ചാൽ അയാളെ അതിന്റെ പേരിൽ കുറ്റപ്പെടുത്തുവാനാവില്ല. അതെന്തായാലും യേശുവല്ല 'ഏറ്റവും ചെറിയവൻ' എന്ന കാര്യത്തിൽ തർക്കമില്ല. കാരണം അന്നു ദൈവരാജ്യം സ്ഥാപിക്കപ്പെട്ടിട്ടില്ലല്ലോ. ഇനി ഉണ്ടെന്ന് ധരിച്ചാലുമുണ്ട് പന്തികേട്. യേശു-അതിന്റെ സ്ഥാപകൻ- അതിലേറ്റവും ചെറിയവനാവുക വയ്യ. പ്രവാചകകുടുംബത്തിൽ അവസാനം ജനിക്കുന്നവനല്ലേ, ഏറ്റവും ചെറിയവനാവുക? യേശു അവസാനത്തെ പ്രവാചകനല്ലല്ലോ. 'അന്ത്യപ്രവാചകൻ' എന്നു സ്വയം പ്രഖ്യാപിച്ച ഒരൊറ്റ പ്രവാചകനേയുള്ളൂ, മുഹമ്മദ് നബിയാണത്. അതിനാൽതന്നെ ഏറ്റവും ചെറിയവൻ എന്ന പ്രയോഗം ഇണങ്ങുക മുഹമ്മദ് നബിക്കാവും.

ഇവിടംവിട്ട്, എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ബലവാനാകുന്നു എന്ന യോഹന്നാന്റെ പ്രസ്താവനയിലേക്ക് കടക്കുക. സ്നാപക യോഹന്നാന്റെ ദാരുണമായ രക്തസാക്ഷിത്വവും ക്രിസ്തുവിന്റെ നിസ്സഹായാവസ്ഥയിലുള്ള അന്ത്യവും മുഹമ്മദ് നബിയുടെ ജൈത്രയാത്രകളും ചേർത്തു വായിച്ചു നോക്കുക. 'ഇന്നു നിങ്ങളുടെ മതം നിങ്ങൾക്ക് ഞാൻ പൂർത്തീകരിച്ചുതന്നിരിക്കുന്നു' എന്നു പ്രഖ്യാപിച്ച ശക്തരിൽ ശക്തനായ മുഹമ്മദ് നബി നമുക്ക് മുമ്പിൽ തെളിയുന്നു.

## സത്യത്തിന്റെ ആത്മാവ്

അപൂർണമായ ഒരു ദൗത്യമാണ് ക്രിസ്തുവിന് നിർവഹിക്കാനുണ്ടായിരുന്നത്. പക്ഷേ, അത് അപൂർണമായിത്തന്നെ തുടരുക വയ്യ. അതിന്റെ പരിപൂർത്തിക്കായി മറ്റൊരു കാര്യസ്ഥൻ വരും എന്നാണ് ക്രിസ്തു നിരൂപിച്ചത്. പ്രവാചകത്വ ശൃംഖലയിലെ ഓരോ കണ്ണിയും അന്ത്യപ്രവാചകനായ മുഹമ്മദ് നബിയെ ലക്ഷീകരിച്ച് സംവിധാനം ചെയ്തിട്ടുള്ളതാണ്. മുഹമ്മദ് നബിയുടെ ആവിർഭാവത്തോടെ മാത്രമേ ക്രിസ്തുവിന്റെ ആഗമനത്തിന്റെ ആന്തരാർഥവും അന്തിമലക്ഷ്യവും നമുക്ക് വെളിപ്പെടുന്നുള്ളൂ. ഈ അന്തിമ ഘട്ടത്തെ പറ്റി ക്രിസ്തു പറയുന്നതിപ്രകാരമാണ്:

"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും. എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും: അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും" (യോഹന്നാൻ 14: 15,16). വീണ്ടും: "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോട് പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമപ്പെടുത്തുകയും ചെയ്യും" (യോഹന്നാൻ 14:26). "ഞാൻ പിതാവിന്റെ അടുക്കൽനിന്ന് നിങ്ങൾക്കു അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽനിന്നു പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും" (യോഹന്നാൻ 15:26). "എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു; ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും" (യോഹന്നാൻ 16:7).

ഇവിടെ കാര്യസ്ഥൻ എന്നു വ്യവഹരിക്കപ്പെട്ടത് ഗ്രീക്കിലെ 'പെരിക്ലിറ്റോസ്' എന്ന പദമാണ്. 'ഉത്തമൻ, പ്രശസ്തൻ, പ്രശംസനീയൻ' എന്നൊക്കെ അർഥം കൽപിക്കാവുന്ന പെരിക്ലിറ്റോസ് അറബിയിലെ 'മുഹമ്മദ്' എന്നതിന്റെ സമാനപദം തന്നെ. ഹിബ്രുവിൽ 'മഹംദാ' എന്നു പറയും. വരാനിരിക്കുന്ന കാര്യസ്ഥനെ സംബന്ധിക്കുന്ന ലക്ഷണങ്ങൾ അപഗ്രഥിക്കെ ക്രിസ്തു പറഞ്ഞുവെച്ച കാര്യങ്ങൾ മുഹമ്മദ് നബിയിൽ എത്രമാത്രം സാക്ഷീകരിക്കപ്പെട്ടു എന്നാണ് ഇനിയും നമുക്ക് നോക്കാനുള്ളത്.

ദൈവത്തെയും അവന്റെ മതത്തെയും സംബന്ധിക്കുന്ന 'സകലതും ഉപദേശിക്കുക' എന്നുള്ളതാണ് വരാനിരിക്കുന്ന 'പെരിക്ലിറ്റോസി'ന്റെ പ്രവർത്തനമായി ബൈബിൾ നിർണയിച്ചുതന്നത്. ഈ കൃത്യം ഭംഗിയായും പൂർണമായും നിർവഹിക്കുന്നത് മുഹമ്മദ് നബിയാണ്. 'ഹജ്ജത്തുൽ വിദാഇ'ലെ ആയിരങ്ങളുടെ സാക്ഷ്യം ചരിത്രസംഭവമായി. 'അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധ്യം വരുത്തും' എന്നു ബൈബിൾ പറയുന്നു. പാപത്തെക്കുറിച്ച് ക്രൈസ്തവർ കൈക്കൊണ്ട ഒരു മിഥ്യാധാരണ ഇവിടെ ചൂണ്ടിക്കാണിക്കട്ടെ. മനുഷ്യവംശത്തിന്റെ പാപനിവൃത്തിക്കായി യേശു കുരിശേറി മരിച്ചു എന്നു ക്രൈസ്തവരും തങ്ങൾ യേശുവെ കൊല ചെയ്തു എന്ന് യഹൂദരും വിശ്വസിക്കുന്നു. രണ്ടും തെറ്റുതന്നെ എന്ന് മുഹമ്മദ് നബി പറയുന്നു. പാപത്തെ

സംബന്ധിക്കുന്ന ക്രൈസ്തവദർശനം ശരിയായ ഈശ്വര മതത്തിനു നിരക്കുന്നതല്ലെന്ന് മുഹമ്മദ് നബി പഠിപ്പിക്കുന്നു. ഖുർആൻ പറയുന്നു: "മുഹമ്മദ്, അവിശ്വാസികളായ യഹൂദരോട് പറയൂ: അവരദ്ദേഹത്തെ കൊന്നില്ല. ദൈവം അദ്ദേഹം അവനിലേക്കുയർത്തുകയാണുണ്ടായത്" (ഖുർആൻ 4:158). ക്രിസ്ത്യാനികളോട് ഖുർആൻ പ്രതിവചിക്കുന്നതിങ്ങനെയാണ്: "അവർ (യഹൂദർ) അദ്ദേഹത്തെ കൊന്നില്ല; ക്രൂശിച്ചുമില്ല. കാര്യം അസ്പഷ്ടമാക്കുകയാണുണ്ടായത്" (ഖുർആൻ). നന്മയും തിന്മയുമെല്ലാം മനുഷ്യന് സ്വമേധയാ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണെന്നാണ് ഖുർആനിക വിഭാവനം. മേൽപറഞ്ഞ ബൈബിൾ വാക്യത്തിലെ 'ന്യായവിധി' എന്നതിനു കൈക്കൊള്ളേണ്ട വേറൊരു വ്യവച്ഛേദനം കൂടി നിർദേശിക്കട്ടെ. ഹിബ്രു ബൈബിളുകളിൽ ഈ പദം 'ദീനാ' എന്നാണു കാണുക. അറബിയിലെ 'ദീൻ' തന്നെ. പക്ഷേ 'ന്യായവിധി' എന്നുള്ളതിനേക്കാൾ 'മതം' എന്ന അർഥമാണ് അതിനു അനുയോജ്യമായിരിക്കുക. ക്രിസ്തുവിനുശേഷം മതോന്മുഖമായ ഒരു പരിണാമഗതിക്ക് നേതൃത്വം നൽകിയത് മുഹമ്മദ് നബിയാണ്. ഖുർആൻ സ്വന്തമായ ഒരു നീതിശാസ്ത്രമുണ്ട്. ഖുർആന് മാത്രമേ അതുള്ളൂ എന്ന് പറഞ്ഞാലും തെറ്റില്ല. ചുരുക്കത്തിൽ, അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും എന്ന ബൈബിൾ പ്രവചനം മുഹമ്മദ് നബിയിലേ നിവൃത്തിക്കപ്പെടുന്നുള്ളൂ.

പെരിക്ലിറ്റോസിന്റെ മറ്റൊരു ഗുണമായി ബൈബിൾ എണ്ണിപ്പറഞ്ഞത് ഇതാണ്: "അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും" (യോഹന്നാൻ 16:13). ഖുർആനിൽ മുഹമ്മദ് നബി സ്വയമായി ഒന്നും സംസാരിക്കുന്നില്ല. ജിബ്രീൽ എന്ന മലക്ക് വഴി അല്ലാഹുവിൽനിന്നും കേട്ടത് അപ്പടി പറയുക മാത്രമാണദ്ദേഹം. ബൈബിളിലെ മേൽ പറഞ്ഞ പ്രവചനത്തിലൂടെ ഉന്നീതമാകുന്ന കാര്യങ്ങൾ മുഹമ്മദ് നബിയിൽ എത്രത്തോളം സാക്ഷാത്കരിച്ചിരിക്കുന്നുവെന്നു മനസ്സിലാക്കാൻ ഇത്രയും വിശദീകരണം മതി.

### മനുഷ്യപുത്രൻ

യേശുവെ 'മേരിയുടെ പുത്രൻ' എന്നാണ് ഖുർആൻ വിളിക്കുന്നത്. ബൈബിളിൽ യേശു യോസേഫിന്റെ മകനാകുന്നു. സഹോദരന്മാരും സഹോദരിമാരും ഉള്ളവനാകുന്നു (മത്തായി 13: 55,56, മാർക്കോസ് 6:3, ലൂക്കോസ് 2:48, യോഹന്നാൻ 2:12, അപ്പോ. പ്രവൃത്തികൾ 1:14, കോരിന്ത്യർ 9:5, ഗലത്യർ 1:19). ദാവീദിന്റെ മകനാകുന്നു (മത്തായി 22:42, മാർക്കോസ് 12:35, ലൂക്കോസ് 20:41, യോഹന്നാൻ 20:30, അപ്പോ. പ്രവൃത്തികൾ 13:22, റോമർ 15:12). മനുഷ്യപുത്രനാകുന്നു. 83–ലധികം തവണ മനുഷ്യപുത്രൻ എന്ന് അഭിസംബോധന ചെയ്യപ്പെടുന്നു. ദൈവപുത്രനുമാവുന്നുണ്ട് അദ്ദേഹം (മത്തായി 14:32, യോഹന്നാൻ 11:27, അപ്പോ. പ്രവൃത്തികൾ 9:20).

ക്രിസ്തു ക്രിസ്തുവിന്റെ തന്നെ പുനരാഗമത്തെ പ്രവചിക്കുക എന്ന കാര്യത്തിൽ കാര്യമായ ചില പോരായ്കളുണ്ട്. യാക്കോബ് 'അവകാശമുള്ളവനെ' പറ്റി പ്രവചിച്ചു (ഉൽപത്തി 49:10). മോശെ മറ്റൊരു പ്രവാചകനെപ്പറ്റി സംസാരിച്ചു (ആവർത്തന പുസ്തകം 1 8:15). ഹഗ്ഗായിയും(ഹഗ്ഗായി 2:7) മാലാഖിയും (മാലാഖി 3:1) ഒക്കെ മറ്റൊരാളുടെ വരവിനെയാണ് സൂചിപ്പിച്ചത്. യേശുവും അങ്ങനെത്തന്നെ എന്നു വിശ്വസിക്കുന്നതാണ് ശരി. മനുഷ്യപുത്രനെ പറ്റി ക്രിസ്തു പറഞ്ഞതൊക്കെയും ക്രിസ്തുവിൽതന്നെ ആരോപിക്കുകയാണ് ബൈബിൾ കർത്താക്കൾ ചെയ്തത്. അവ ക്രിസ്തുവിൽ എത്രമാത്രം സാക്ഷാത്കരിക്കപ്പെട്ടു എന്നു പരിശോധിച്ചുനോക്കണം. റോമൻ സാമ്രാജ്യത്തെ തകർത്തു ഭൂമിയിൽ സമാധാനത്തിന്റെ സാമ്രാജ്യം പണിയുവാൻ വന്നെത്തുമെന്ന് ബൈബിൾ നിരൂപിക്കുന്ന മനുഷ്യപുത്രൻ ക്രിസ്തുവാകുമോ? സീസർക്ക് കപ്പം നൽകുന്ന ക്രിസ്തു! 'മനുഷ്യപുത്രനു തലചായ്ക്കാൻ മണ്ണിലിടമില്ലെ'ന്നു വിലപിക്കുന്ന ക്രിസ്തു!

മനുഷ്യപുത്രൻ സകലജാതികളെയും ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും വേർതിരിക്കുന്നതുപോലെ വേർതിരിക്കുമെന്നു യേശു പറയുന്ന ഉപമ ശ്രദ്ധേയമാണ്. വിശ്വസിക്കാൻ മനസ്സുള്ള ഇസ്രായേല്യരാണു ഇവിടെ ചെമ്മരിയാടുകൾ എന്നുള്ളതു കൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. കോലാടുകൾ അവിശ്വാസികളായ യഹൂദികളാണ്. 'മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ...' എന്നാണ് യേശുവിന്റെ പ്രയോഗം. അതിനാൽത്തന്നെ അത് യേശുവിനെ പറ്റിയാണെന്ന് പറയുക വയ്യ. ഭാവിയെ സൂചിപ്പിക്കുന്ന യേശുവിന്റെ ഇയ്യൊരു പ്രയോഗത്തിന്റെ തോതുവെച്ചു പറഞ്ഞാലും മനുഷ്യപുത്രൻ യേശുവല്ല; വരാനിരിക്കുന്ന മറ്റാരോ ആണ്. ചെമ്മരിയാടുകളെയും കോലാടുകളെയും വേർതിരിച്ചില്ല, യേശു; രണ്ടു കൂട്ടരും അദ്ദേഹത്തെ തള്ളിക്കളഞ്ഞു എന്നു വേണം പറയാൻ. അവരിൽ ഒരു ചെറുവിഭാഗമേ യേശുവെ വിശ്വസിച്ചുള്ളൂ, സ്നേഹിച്ചുള്ളൂ.

മനുഷ്യപുത്രൻ വരാനിരിക്കുന്നേയുള്ളൂ എന്ന വസ്തുത മറ്റൊരിടത്തു യേശു ഇങ്ങനെ വ്യക്തമാക്കുന്നു: "എന്നാൽ ഏലിയാവു വന്നു കഴിഞ്ഞു എന്നു ഞാൻ നിങ്ങളോടു പറയുന്നു. എങ്കിലും അവർ അവനെ അറിഞ്ഞുകൊള്ളാതെ തങ്ങൾക്ക് തോന്നിയത് എല്ലാം അവനോട് ചെയ്തു. അവ്വണ്ണം മനുഷ്യപുത്രനു അവരാൽ കഷ്ടപ്പെടുവാനുണ്ട്" (മത്തായി 17:12).

വിഷയം ഇവിടെ വരാനിരിക്കുന്ന ഒരാളാണ്. പറയുന്നത് ക്രിസ്തുവാണ്. ഒരർഥത്തിലും അത് ക്രിസ്തുവിനെ പറ്റിയാവില്ല. 'മനുഷ്യപുത്രൻ' തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും' (മത്തായി 16:27). അതെ വരും!

പഴയ നിയമത്തിലും പുതിയ നിയമത്തിലും അങ്ങിങ്ങ് ചിതറിക്കിടക്കുന്ന ചില പ്രവചനവാക്യങ്ങൾ പെറുക്കിക്കൂട്ടുക മാത്രമാണിവിടെ ചെയ്തത്. എന്നാലും ഇവ ചേർത്തു വായിക്കുന്നവർക്ക് ഒരു കാര്യം ബോധ്യപ്പെടാതിരിക്കില്ല. ഇവയിലൂടെ തെളിയുന്ന ദർശനചക്രവാളം യേശുക്രിസ്തുവിൽനിന്നു കുറേ ദൂരം മുമ്പോട്ടു പോയിട്ടുള്ളതാണ്. ബൈബിൾ നിത്യേന പാരായണം ചെയ്യുന്ന ക്രൈസ്തവബോധമാകട്ടെ ഓതിപ്പഠിപ്പിക്കപ്പെട്ട പരിമാണങ്ങളും പരിധികളും വിട്ട് ഒരിഞ്ചുപോലും മുന്നോട്ടു ചലിക്കുവാൻ സന്നദ്ധമല്ല. നിഷ്പക്ഷനായ ഒരു ബൈബിൾ വായനക്കാരനെ കുഴക്കുന്ന ഏറ്റവും വലിയ പ്രശ്നം ഈ പ്രവചനങ്ങളിൽ നിഴലിക്കുന്ന നിഗൂഢതയാണ്. ഈ നിഗൂഢത തെളിയണമെങ്കിൽ ബൈബിളിലെ ഇത്തരം പ്രവചനങ്ങളെ സംബന്ധിച്ച് സത്യസന്ധവും ആത്മാർഥവുമായ ഒരു സമീപനം തന്നെ വേണം. അതിനുള്ള ശ്രമവും ശ്രദ്ധയും ക്രൈസ്തവരിൽനിന്നാണുണ്ടാവേണ്ടത്. ●